# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പാപ്പിനിശ്ശേരി - പിലാത്തറ റോഡ്**

**4458 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ പാപ്പിനിശ്ശേരി - പിലാത്തറ റോഡ് നവീകരണത്തിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് വിശദമാക്കുമോ ;

(ബി) പദ്ധതിക്ക് എത്ര തുകയാണ് നീക്കിവെച്ചിട്ടുളളത് ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ സാധിക്കും ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റോഡുകളുടെ ഗുണനിലവാരം**

**4459** **ശ്രീ. എം. ഉമ്മര്‍**
**,, കെ. മുഹമ്മദുണ്ണി ഹാജി**
**,, കെ.എന്‍.എ. ഖാദര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) റോഡുകളുടെ സംരക്ഷണത്തിന് പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളുടെ വിശദവിവരം നല്‍കുമോ;

(ബി) വിദേശരാജ്യങ്ങള്‍ നടപ്പാക്കിവരുന്ന സാങ്കേതികവിദ്യകള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) റോഡപകടങ്ങള്‍ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകളുടെ ഗുണനിലവാരത്തില്‍ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നുണ്ടോയെന്ന് വിവരിക്കുമോ;

(ഡി) അന്താരാഷ്ട്ര നിലവാരം പുലര്‍ത്തുന്ന എത്ര കിലോമീറ്റര്‍ റോഡാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

4460 ശ്രീ. എളമരം കരീം
'' കെ.കെ. ജയചന്ദ്രൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം സംസ്ഥാനത്ത് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാറിംഗ് നിലവിലുണ്ടോ;

(സി) പ്രധാനപ്പെട്ട ഏതെങ്കിലും റോഡ് ടാറിംഗിന് പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് പ്ലാസ്റ്റിക് റോഡ് ടാറിംഗിലൂടെ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്ലാസ്റ്റിക് റോഡ് നിർമ്മാണം സംസ്ഥാനത്ത് വ്യാപകമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ദേശീയ പാതാ വികസനം</u>

4461 ശ്രീ. സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്ജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാത വികസനത്തിന് എന്തെല്ലാം നടപടി ആരംഭിച്ചിട്ടുണ്ട് വിശദമാക്കാമോ ;

(ബി) പൊന്നും വിലയ്ക്ക് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ച് വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ടെൻഡർ നടപടികൾക്ക് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പെരുമ്പാവൂർ ടൗൺ ബൈപാസ് റോഡ്</u>

4462 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ടൗൺ ബൈപാസ് റോഡ് നിർമ്മാണ നടപടികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ ദിശ നിശ്ചയിച്ചതിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റോഡിന്റെ ദിശ പുന:പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും പരാതിക്കാരെ കേട്ടശേഷംകോടതി നൽകിയ മറുപടിയും ലഭ്യമാക്കുമോ;

(ഡി) പെരുമ്പാവൂർ ടൗൺ ബൈപാസ് റോഡ് നിർമ്മാണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പി. ഡബ്ല്യു.ഡി മാനുവലിന്റെ അടിസ്ഥാനത്തിൽ വകുപ്പിനെ സജ്ജമാക്കുന്നതിന് നടപടി</u>

4463 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ പി. ഡബ്ല്യു.ഡി മാനുവലിന്റെ അടിസ്ഥാനത്തിൽ വകുപ്പിനെ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് എന്ന് പറയാമോ;

(ബി) ആയതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) പുതുക്കിയ മാനുവലിലെ മാറ്റങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് ശില്പശാലകൾ നടത്തുന്ന കാര്യം ആലോചനയിലുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം</u>

4464 ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതു മരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സുതാര്യവും സുരക്ഷിതവും വേഗതയേറിയതുമായ പ്രസ്തുത സമ്പ്രദായം ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിന് എടുത്തിട്ടുളള നടപടികൾ എന്തെല്ലാമാണ് ;

(സി) കരാറുകാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എങ്കിൽ ആദ്യഘട്ടം എന്ന് തുടങ്ങാനാകും എന്നാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണമേന്മ</u>

4465 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) എസ്റ്റിമേറ്റ് തുകയെക്കാൾ കുറഞ്ഞ നിരക്കിൽ ടെൻഡർ വിളിക്കുന്ന പ്രവൃത്തികളെ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**ഷെഡ്യൂൾഡ് റേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ**

**4466 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾഡ് റേറ്റ് യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഷെഡ്യൂൾഡ് റേറ്റ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### സംസ്ഥാന റോഡ് വികസന പദ്ധതി

4467 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന റോഡുകൾ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള ഫണ്ട് എങ്ങനെയാണ് സ്വരൂപിക്കുന്നതെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>സംസ്ഥാന റോഡ് വികസന പദ്ധതി</u>**

**4468 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ പട്ടിക തയ്യാറാക്കിയോ ; എങ്കിൽ എത്ര കിലോമീറ്റർ റോഡുകളുടെ പട്ടികയാണ് തയ്യാറാക്കിയത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുകൾ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് ; തിരഞ്ഞെടുക്കുവാൻ ഏത് ഏജൻസിയെയാണ് നിയമിച്ചത് ; പ്രസ്തുത ഏജൻസിയുടെ ആസ്ഥാനം എവിടെയാണ് ; ഇതിലേയ്ക്കായി ചെലവഴിച്ച തുക എത്ര ; വിശദമാക്കുമോ ;

(സി) എത്ര പാക്കേജായിട്ടാണ് ഇത്തരം റോഡുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; ഓരോ പാക്കേജിലും എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; പ്രസ്തുത പാക്കേജിന്റെ ഘടന എന്താണെന്നും റോഡ് വികസനത്തിനായി എപ്രകാരമാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം റോഡുകളിൽ നിന്നും ടോൾ പിരിക്കുവാൻ ഉദ്ദേശമുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ</u>**

4469 **ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനത്തിന് ഭൂമിയും കെട്ടിടങ്ങളും നൽകേണ്ടി വരുന്നവർക്ക് ഏതു വിധത്തിലുള്ള പ്രതിഫലം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി എന്നു പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കരമന - കളിയിക്കാവിള നാലുവരിപാത</u>**

**4470 ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള നാലുവരിപാത യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതുഘട്ടം വരെയായി എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാതയുടെ ഇരുവശത്തും സർക്കാർ ഭൂമി യിലെ കൈയേറ്റം അടിയന്തിരമായി തടയാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മങ്കട മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ നൽകിയ പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം**

4471 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുതായി ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗ്രാമീണ റോഡുകൾ ധാരാളമുള്ള മങ്കട മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ നൽകിയ പ്രകാരമുള്ള എല്ലാ റോഡുകളും ഏറ്റെടുക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>2011-12 സാമ്പത്തിക വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ നിന്ന് അനുവദിച്ച തുക</u>**

**4472 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ നിന്ന് എത്ര രൂപ സംസ്ഥാനത്തിനനുവദിച്ചിരുന്നുവെന്ന് പറയാമോ ;

(ബി) പ്രസ്തുത ഫണ്ട് സമയബന്ധിതമായി ഉപയോഗിക്കാതിരുന്നത് മൂലം ലാപ്സായിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) ഏതെങ്കിലും റോഡുകൾക്ക് പ്രസ്തുത ഫണ്ട് അനുവദിക്കുകയും ആയത് ഉപയോഗിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന പ്ലാൻ ഫണ്ടിൽ നീക്കിവച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ**

**4473 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് പ്ലാൻ ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയതിൽ എത്ര തുക കുടിശ്ശികയുണ്ടായിരുന്നു എന്ന് അറിയിക്കുമോ;

(സി) 2011-12 ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് നോൺ പ്ലാൻ ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; ഇതിൽ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ചീഫ് എഞ്ചിനീയർ (ഗാഡ്സ്)-ന് ഭരണാനുമതി നൽകാവുന്നത് എത്ര തുകവരെയുള്ള പ്രവർത്തികൾക്കാണെന്ന് വ്യക്തമാക്കുമാ;

(ഇ) അത്തരം പ്രവർത്തികൾ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വീതിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) എത്ര എം. എൽ. എ. മാർ ശുപാർശചെയ്ത റോഡുകൾക്ക് ഇപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്; എങ്കിൽ ഇപ്രകാരം കൊടുത്ത റോഡുകളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**റോഡ് ഫണ്ട് ബോർഡിൽ ഉൾപ്പെടുത്തിയ നഗരസഭകൾ**

**4474** **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതിയിൽ ഏതെല്ലാം നഗരസഭകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ മലപ്പുറം ജില്ലയെ ഉൾപ്പെടുത്തി യിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം റോഡുകളാണെന്നും പ്രസ്തുത പണി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റ്**

4475 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ:എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംങ്ങ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുവോ ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം ജൻഡർ ബജറ്റിംങ്ങ് നടപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുളളത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള ഭരണാനുമതി**

**4476**

**ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുളളത്;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകപ്പെട്ടത്; വിശദമാക്കുമോ;

(സി) ഭരണാനുമതി നല്കിയിട്ടുളള പ്രവൃത്തികൾക്കെല്ലാം കൂടി എത്ര തുകയാണ് അനുവദിച്ചിട്ടുളളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>നടപ്പു സാമ്പത്തിക വര്‍ഷത്തെ പദ്ധതിയേതര വിഹിതം</u>

4477 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നടപ്പു സാമ്പത്തിക വര്‍ഷത്തെ പദ്ധതിയേതര വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ .

(ബി) പ്രസ്തുത വിഹിതം ഏതൊക്കെ കാര്യങ്ങള്‍ക്കാണ് ഉപയോഗിക്കുക; വ്യക്തമാക്കുമോ ;

(സി) റോഡ് പരിഷ്കരണ പ്രവര്‍ത്തികള്‍ നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഓരോ നിയോജക മണ്ഡലത്തിന്റെ പരിധിയിലും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് ; പദ്ധതിയേതര വിഹിതത്തില്‍ എത്ര തുക ഇനി അനുവദിക്കാനുണ്ട് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>കുറ്റ്യാടി മണ്ഡലത്തിലെ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>**

**4478 ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും റോഡുകൾ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്‍ നിന്ന് ഏറ്റെടുത്ത റോഡുകളുടെ പണി**

4479 ശ്രീ. എം. എ. ബേബി
,, എം. ചന്ദ്രന്‍
,, കെ. രാധാകൃഷ്ണന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ നിന്ന് ഏറ്റെടുത്ത എല്ലാ റോഡുകളുടെയും പണിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ വകയിരുത്തിയത് എത്രയെന്ന് വിശദമാക്കുമോ;

(ബി) ഇതില്‍ എത്ര റോഡുകളുടെ പണി പൂര്‍ത്തിയായി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം</u>

4480 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് വൺ ടൈം മെയിന്റനൻസ് ഇനത്തിലോ നോൺ പ്ലാൻ വർക്കായോ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എത്ര രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് പറയുമോ; നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>വൈപ്പിൻ മണ്ഡലത്തിലെ മഴക്കാല പൂർവ്വ പ്രവൃത്തികൾ</u>**

**4481 ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മഴക്കാല പൂർവ്വ പ്രവൃത്തികൾ നടത്തുന്നതിന് അനുവദിച്ച തുക എത്ര ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ശുപാർശ ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ശുപാർശ ചെയ്തിട്ടില്ലായെങ്കിൽ, കാരണം വ്യക്തമാക്കാമോ ?

**കേരള നിയമസഭ**

**28.06.2012 -ലെ മറുപടിക്ക്**

**<u>റാന്നി - ബ്ലോക്ക്പടിയിൽ ആരംഭിക്കുന്ന പുതിയ ബൈപാസിന്റെ ഭരണാനുമതി</u>**

**4482 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി - ബ്ലോക്ക്പടിയിൽ നിന്ന് ആരംഭിക്കുന്ന പുതിയ ബൈപാസിന്റെ ഭരണാനുമതിയ്ക്കായി നൽകിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ .

(സി) അതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയും, അനുമതി വൈകുന്നതിന്റെ കാരണവും വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് റാന്നി വില്ലേജിൽ ഉൾപ്പെടുന്ന ഏതൊക്കെ സർവ്വേ നമ്പരുകളിൽപ്പെടുന്ന എത്ര പേരുടെ ഭൂമിയാണ് ആയതിനായി ഏറ്റെടുക്കേണ്ടിവരിക ; ആയതിനായി പണം നൽകേണ്ടതുണ്ടോ ; വിശദമാക്കുമോ ;

(എഫ്) പ്രസ്തുത ആവശ്യത്തിനായി ആളുകൾ ഭൂമി വിട്ടുനൽകുകയുണ്ടാ യോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>മുഴപ്പിലങ്ങാട് - മാഹി ബൈപ്പാസ്</u>**

**4483** **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട് - മാഹി ബൈപ്പാസിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) ഇതിന് വേണ്ടി സ്ഥലമെടുപ്പ് എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) എങ്കിൽ ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കണ്ണൂർ ബൈപ്പാസ്**

**4484**

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കണ്ണൂർ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) എങ്കിൽ ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**അങ്കമാലി ബൈപാസ്**

**4485 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപാസിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലം ; വിശദമാക്കാമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ 4988/ഡി/പി.ഡബ്ള്യൂ.ഡി/2010 നമ്പർ ഫയലിൽ അങ്കമാലി ബൈപാസിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>അങ്കമാലി നിയോജക മണ്ഡലത്തിലെ കോതായിതോട് പാലത്തിന്റെ നിർമ്മാണം</u>**

**4486 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലി നിയോക മണ്ഡലത്തിലെ അയ്യമ്പുഴ മഞ്ഞപ്ര റോഡിന്റെ നിർമ്മാണത്തിനനുവദിച്ച 168 ലക്ഷം രൂപയിൽ പ്രസ്തുത റോഡിൽ സ്ഥിതി ചെയ്യുന്ന കോതായിതോട് പാലത്തിന്റെ നിർമ്മാണത്തിനായി നീക്കിവച്ച 68 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത പ്രവർത്തി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;**

(ബി) **ആയതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിലെ 14039/ബി.1/പി.ഡബ്ല്യൂ.ഡി./11 & 30807/ബി.1/10/ പി.ഡബ്ല്യൂ.ഡി. നമ്പർ ഫയലുകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;**

(സി) **പ്രസ്തുത നിർമ്മാണത്തിന്റെ അനുവാദത്തിനായി ധനകാര്യവകുപ്പിനും ചീഫ് ടെക്നിക്കൽ എക്സാമിനർക്കും ഫയലുകൾ അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തിരുവല്ല ബൈപ്പാസ് നിർമ്മാണം**

**4487 ശ്രീ. മാത്യു. റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കും; വിശദമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് നഗരവികസന പദ്ധതി**

**4488** ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ സി. ഡബ്ല്യൂ. ആർ. ഡി. എം. റോഡിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ, പഞ്ചായത്ത് മേഖലകളിലൂടെ ഒരേ റോഡ് കടന്നുപോകുമ്പോൾ കോർപ്പറേഷൻ ഭാഗത്ത് മാത്രം റോഡ് പരിഷ്ക്കരിക്കുന്നതുകൊണ്ട് റോഡ് പൂർണ്ണമായി ഉപയോഗപ്രദമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സി. ഡബ്ല്യൂ. ആർ. ഡി. എം. റോഡ് പെരിങ്ങളം ജംഗ്ഷൻവരെ പരിഷ്ക്കരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ചടയമംഗലം നിയോജകമണ്ഡലത്തിലെ റോഡുകൾ</u>

4489 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഗ്രാമീണ റോഡുകളാണ് അപ്ഗ്രഡേഷൻ നടത്തി സഞ്ചാര യോഗ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ആയതിന്റെ പഞ്ചായത്തു തലത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കല്ലാനോട് - ഇല്ലിപ്പിലായ് - മണിച്ചേരി - വയലിട പി. ഡബ്ല്യു. ഡി. റോഡ്**

**4490 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൂരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലാനോട് - ഇല്ലപ്പിലായ് - മണിച്ചേരി - വയലിട പി. ഡബ്ല്യു.ഡി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതുവഴി ഗതാഗതം സുഗമമാക്കുന്നതിന് ആവശ്യമായ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കാസര്‍ഗോഡ് -കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ പ്രവര്‍ത്തിക്ക് അനുമതി</u>**

**4491 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ടി.പി.യുടെ രണ്ടാം പാക്കേജില്‍ ഉള്‍പ്പെടുത്തി അഭിവൃദ്ധിപ്പെടുത്താന്‍ ഉദ്ദേശിക്കുന്ന കാസര്‍ഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ പ്രവൃത്തിക്ക് ബന്ധപ്പെട്ട ഏജന്‍സിയില്‍ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ എത്ര തുകയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കല്‍ നൂറ് ശതമാനവും പൂര്‍ത്തിയാക്കിയ പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി എന്ന് ആരംഭിക്കും ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>മാവേലിക്കര മണ്ഡലത്തിലെ വിവിധ മരാമത്ത് പ്രവൃത്തികള്‍</u>**

**4492 ശ്രീ. ആര്‍. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചത്തിയറ - പളളം റോഡ് ഗതാഗത യോഗ്യമല്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) നബാര്‍ഡില്‍ ഉള്‍പ്പെടുത്തി ആയതിന്റെ നിര്‍മ്മാണം ആരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ ;

(സി) മാവേലിക്കര - കണ്ടിയൂര്‍ ബൈപ്പാസിന്റെ നിര്‍മ്മാണം ആരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ ; മാവേലിക്കര മണ്ഡലത്തില്‍ നിലവില്‍ പരിഗണനയിലിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ; മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പാലമുക്ക് - ഇടക്കുന്നം റോഡ് പി.ഡബ്ള്യു.ഡി. ഏറ്റെടുക്കുന്നതിനുളള നടപടികള്‍ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**28.06.2012 -ലെ മറുപടിക്ക്**

**<u>നേമം മണ്ഡലത്തിലെ റോഡുകൾ</u>**

**4493 ശ്രീ. വി. ശിവൻകുട്ടി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ഈ സർക്കാർ അധികാരമേറ്റശേഷം നേമം നിയോജക മണ്ഡലത്തിലെ വിവിധ നഗരസഭാ വാർഡുകളിൽ വകുപ്പ് നടപ്പിലാക്കിയ നഗരസഭാ റോഡുകളുടെ പുനരുദ്ധാരണ/ നവീകരണ/നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;**

(ബി) **പ്രസ്തുത പദ്ധതികളിൽ നിലവിൽ പുരോഗതിയിലുളളതും ഇനി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഇടനമൂട് ജംഗ്ഷനിലെ റോഡിന്റെ വളവ് നിർമ്മിച്ചതിലെ അപാകത**

**4494 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കായംകുളം - പുനലൂർ റോഡിൽ ലെപ്രസി സാനിട്ടോറിയത്തിനു സമീപമുളള ഇടനമൂട് ജംഗ്ഷനിലെ റോഡിന്റെ വളവ് നിർമ്മിച്ചതിലെ അപാകത പരിഹരിച്ച് സിഗ്നൽ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുമോ ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ജില്ലാ പഞ്ചായത്ത് റോഡുകള്‍ അടിയന്തിര സാഹചര്യത്തില്‍ പി.ഡബ്ള്യു.ഡി ഏറ്റെടുക്കുന്നതിന് നടപടി</u>

4495 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

നിലവിലുളള ജില്ലാ റോഡുള്‍പ്പെടെ ജില്ലാ പഞ്ചായത്തുകള്‍ക്ക് കൈമാറിയിട്ടുളള റോഡുകളില്‍ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ചിലത് പി.ഡബ്ള്യു.ഡി ഏറ്റെടുത്ത് നടത്തുവാന്‍ നടപടി സ്വീകരിച്ചുവോ ; ഇല്ലെങ്കില്‍ വിശദാംശം നല്‍കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>റവന്യൂ ടവറിന്റെ ചുറ്റുമുള്ള റോഡ്</u>

**4496** **ശ്രീ. മാത്യൂ റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ കെ.എസ്.എച്ച്.ബി.-യുടെ കീഴിലുള്ള റവന്യൂ ടവറിന്റെ ചുറ്റുമുള്ള റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റോഡിന്റെ റീ ടാറിംങ് നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ചെറുവണ്ണൂർ - കൊളത്തറ റോഡ് വികസനം**

**4497 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ - കൊളത്തറ റോഡ് വികസിപ്പിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് ;

(ബി) എങ്കിൽ വീതി കൂട്ടാനാവശ്യമായ സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**വൈക്കം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ മെയിന്റനൻസ്**

4498 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളിലെ മഴക്കാലത്തിനു മുമ്പുളള കുഴിയടയ്ക്കൽ ജോലികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) പൂർത്തിയായില്ലെങ്കിൽ പ്രസ്തുത ജോലികൾ എന്ന് പൂർത്തിയാവുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൊല്ലം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ**

**4499**

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എത്ര റോഡുകൾ 2011 ജൂൺ മാസത്തിനു ശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത റോഡുകളുടെ പേരുവിവരവും ചെയിനേജും വെളിപ്പെടുത്തുമോ;

(സി) പ്രധാന ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

**4500 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം ആലപ്പുഴ ജില്ലയിൽ ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഹരിപ്പാട്, കുട്ടനാട് എം.എൽ.എ മാർ സംയുക്തമായി സമർപ്പിച്ച റോഡുകളിന്മേലുള്ള നിവേദന പ്രകാരം ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നെടുമുടി കരുവാറ്റ റോഡിന്റെ ഏതെല്ലാം ഭാഗങ്ങളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### <u>റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണവും അറ്റകുറ്റപ്പണിയും</u>

4501

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി 2011-12 വർഷത്തിൽ എഎസ് നൽകിയെന്നു പറയാമോ; അതിൽ എത്ര ലക്ഷം രൂപ വിതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) എ എസ് നൽകിയ തുകയുടേയും, ചെലവഴിച്ച തുകയുടേയും വിവരങ്ങൾ പദ്ധതി തിരിച്ചും, ജില്ല തിരിച്ചുമുളള കണക്ക് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പത്തനംതിട്ട വടുതോട് പാലം**

**4502 ശ്രീ. മാത്യു. റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട റോഡ്സ് & ബ്രിഡ്ജസ് ഡിവിഷന്റെ കീഴിലുളള വടുതോട് പാലത്തിന് ആദ്യമായി ഭരണാനുമതി ലഭിച്ചതെന്നാണ് ;

(ബി) എങ്കിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികൾക്കുളള ഭരണാനുമതി എന്നാണ് നൽകിയിട്ടുളളത് ;

(സി) പ്രസ്തുത പദ്ധതിക്കായി ടെൻഡർ ഉറപ്പിച്ചതെന്നാണ് ;

(ഡി) എങ്കിൽ എത്രമാത്രം അധികരിച്ച തുകയ്ക്കാണ് ടെൻഡർ അംഗീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>വണ്ണാത്തിക്കടവിൽ പുതിയ പാലം</u>

4503 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുതാഴം - കുറ്റൂർ- പെരിങ്ങോം റോഡിലെ വണ്ണാത്തിക്കടവ് പാലം കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ കാലപ്പഴക്കം മൂലമുളള അപകടാവസ്ഥ പരിഗണിച്ച് പുതിയ പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കൂളിയാട്കടവ് പാലത്തിന്റെ സാങ്കേതിക അനുമതി**

**4504**

**ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കൂളിയാട് കടവ് പാലത്തിന്റെ സാങ്കേതിക അനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ആയത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് ടെൻഡർ നടപടികൾ ആരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>ചമ്രവട്ടം - ആശാന്‍പടി - താനൂര്‍ തീരദേശപാത</u>

4505 **ശ്രീ. അഹ്ദുറഹിമാന്‍ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചമ്രവട്ടം റഗുലേറ്റര്‍ -കം- ബ്രിഡ്ജ് തുറന്നതോടെ സമീപ പ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍, ഇതിന് പരിഹാരമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചമ്രവട്ടം പാലം മുതല്‍ ആശാന്‍പടി - താനൂര്‍ വഴി കടന്നു പോകുന്ന തീരദേശ പാത നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തിരൂര്‍ - കടലുണ്ടി റൂട്ടിലും, ഈ റോഡ് ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന വട്ടത്താണി-പുത്തനത്താണി റൂട്ടിലും എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ഈ പ്രവൃത്തികളുടെ നടപടികള്‍ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**തലശ്ശേരി - കൂർഗ്ഗ് പാതയിലെ എരഞ്ഞോളിപ്പാലം പുതുക്കിപ്പണിയാൻ നടപടി**

**4506 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി - കൂർഗ്ഗ് പാതയിലെ എരഞ്ഞോളിപ്പാലം തകർച്ചയുടെ വക്കിലായതിനാൽ പുതുക്കിപ്പണിയണമെന്നവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(സി) പാലം പുതുക്കിപ്പണിയുന്നതിനായി ഈ സാമ്പത്തിക വർഷം തുക നീക്കിവെച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കോവിലകം താഴെ പാലത്തിന്റെ നിർമ്മാണം**

4507

**ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോവിലകം താഴെ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടും കരാറുകാരന് പ്രവൃത്തിസ്ഥലം ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തിസ്ഥലം വിട്ടുനൽകാത്തതുകാരണം നിർമ്മാണ പ്രവർത്തനത്തിന് തടസ്സം ഉണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ചെമ്മാപ്പിള്ളിക്കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ**

**4508 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക, താന്ന്യം എന്നീ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളിക്കടവ് തൂക്കുപാലത്തിന്റെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത തുക്കുപാലത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തടസ്സം നീക്കി അടിയന്തിരമായി പാലം പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ തവനൂർ - തിരുനാവായ പാലത്തിന് 2011 -12 -ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക**

4509 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തവനൂർ- തിരുനാവായ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന തവനൂർ-തിരുനാവായ പാലത്തിന് 2011-12-ലെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടിരൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് എന്ന് പറയുമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായിട്ടുള്ള അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇതിലേക്കായി ആരുടെയൊക്കെ സർവ്വേ നമ്പരിലുള്ള സ്ഥലമാണ് ഇരു പഞ്ചായത്തുകളിലെ സ്വകാര്യ വ്യക്തികളിൽ നിന്നുമായി ലഭ്യമാക്കേണ്ടത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ചങ്ങുംകരി തൂക്കുപാലം**

4510 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിനു കീഴിൽ എടത്വ പഞ്ചായത്തിലെ ചങ്ങങ്കരിയിൽ അനുവദിച്ച തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(ബി) കെൽ ഏറ്റെടുത്ത പ്രസ്തുത തൂക്കുപാലത്തിന്റെ നിർമ്മാണത്തിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് നഗരത്തിലെ മോണോ റെയിൽ പദ്ധതി**

**4511 ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മോണോ റെയിൽ പദ്ധതി കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന കരിപ്പൂർ വരെ നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **ഉണ്ടെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;**

(സി) **മോണോ റെയിൽ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;**

(ഡി) **ഈ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

ഫറോക്ക് വെസ്റ്റ് തല്ലൂർ റെയിൽവെ ഫ്ളൈ ഓവർ

4512 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് വെസ്റ്റ് തല്ലൂർ റെയിൽവെ ഫ്ളൈ ഓവർ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ അനുമതി റെയിൽവെയിൽ നിന്ന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നത് ;

(ഡി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കോട്ടച്ചേരി റെയിൽവേ മേൽപ്പാലം**

4513 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ കോട്ടച്ചേരിയിൽ അനുവദിച്ച റെയിൽവേ മേൽപ്പാലത്തിന്റെ പണി റോഡ്സ് ആന്റ് ഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തത് എന്നാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ ;

(സി) ഇതിന് നേരിടുന്ന തടസ്സം എന്താണെന്നും ആയത് നീക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ ;

(ഡി) എങ്കിൽ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം</u>**

4514 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പു കെട്ടിട വിഭാഗത്തിന് കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചവ ഏതെല്ലാം ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി എന്ത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലും ഗവൺമെന്റ് പോളിടെക്നിക് കോളേജിനും വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുവാൻ നടപടി**

4515 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലും ഗവൺമെന്റ് പോളിടെക്നിക് കോളേജിനും വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റെയും കരാർ തുക എത്ര ; കരാർ എടുത്തിരി ക്കുന്നത് ആരാണ് ; വിശദമാക്കുമോ ;

(സി) ഓരോ പ്രവൃത്തിക്കും ഇതുവരെ എന്തു തുക വീതം ചെലവായി ട്ടുണ്ട് .

(ഡി) ഈ പ്രവൃത്തികൾ എന്ന് പൂർത്തികരിക്കുന്നതിനായാണ് കരാർ നൽകിയിട്ടുളളത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

### സി. ബി. ഐ. ക്കാരുടെ താമസം

4516

**ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം പി. ഡബ്ളൃൂ.ഡി. റസ്റ്റ് ഹൗസിലെ മുറികളിൽ എട്ടര വർഷക്കാലം സി. ബി. ഐ. ഉദ്യോഗസ്ഥർ താമസിച്ച വാടക ഇനത്തിൽ 949500 രൂപ പി. ഡബ്ളൃൂ. ഡി.യ്ക്ക് നല്കാത്തത് സംബന്ധിച്ച പ്രസ്തുത തുക ഈടാക്കണമെന്ന് ചൂണ്ടിക്കാട്ടിയും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി० പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

## കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ മന്ദിര നിർമ്മാണ നടപടികൾ**

**4517 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ മന്ദിര നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്;

(ഡി) എത്ര സമയത്തിനകം നിർമ്മാണം പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുളളത്; വിശദമാക്കുമോ;

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് സെക്ഷന്‍ ഓഫീസുകളുടെ പുന:ക്രമീകരണം**

**4518 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് സെക്ഷന്‍ ഓഫീസുകള്‍ മണ്ഡലാടിസ്ഥാനത്തില്‍ പുന:ക്രമീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തില്‍ വിശദമായ റിപ്പോര്‍ട്ട് സമര്‍പ്പിക്കുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നുവോ;

(സി) എങ്കില്‍ നാറ്റ്പാക്ക് പഠന റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോയെന്ന് വിവരിക്കുമോ;

(ഡി) നിയോജകമണ്ഡലാടിസ്ഥാനത്തില്‍ സെക്ഷന്‍ ഓഫീസുകള്‍ ക്രമീകരിക്കാന്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>കൊല്ലത്തെ പി. ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ വിംഗ്.</u>

4519

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പല കെട്ടിടങ്ങളുടെയും ഇലക്ട്രിക്കൽ ജോലികൾ പൂർത്തികരിക്കുവാൻ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കൊല്ലം പി. ഡബ്ള്യൂ. ഡി. ഇലക്ട്രിക്കൽ വിംഗിന്റെ സെക്ഷൻ ഓഫീസ് പത്തനാപുരത്തേയ്ക്ക് മാറ്റിസ്ഥാപിക്കന്ന നടപടി ഉപേക്ഷിക്കണമെന്നത് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നടപടിയിൽ നിന്നും പിന്മാറുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ

## 28.06.2012 -ലെ മറുപടിക്ക്

**ഫറോക്ക് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ പുതിയ കെട്ടിടം**

**4520**

**ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഫറോക്ക് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് ക്യാമ്പസിൽ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>കൊട്ടാരക്കര കോടതി സമുച്ചയം</u>

4521

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കോടതി സമുച്ചയത്തിന് രണ്ടാമതൊരു ലിഫ്റ്റും അഗ്നി പ്രതിരോധ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ലിഫ്റ്റ് സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

**4522 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പൊതുമരാമത്ത് വകുപ്പിനു കീഴിലുളള എടത്വ സബ്ട്രഷറി നിർമ്മാണം, പുളിങ്കുന്ന് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

**ഫറോക്ക് കരുവൻ തുരുത്തി റോഡിന്റെ ഡ്രെയിനേജ് സംവിധാനം**

**4523 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് കരുവൻതുരുത്തി റോഡിന്റെ വശങ്ങളിൽ ഡ്രെയിനേജ് നിർമ്മിക്കാൻ നിർദ്ദേശമുണ്ടോ ;

(ബി) ഇതിനായി പി.ഡബ്ള്യൂ.ഡി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.06.2012 -ലെ മറുപടിക്ക്

<u>നാട്ടിക നിയോജകമണ്ഡലത്തിലെ കരാർ പ്രവൃത്തികൾ</u>

4524

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ യഥാസമയം അവ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ;

(സി) നാട്ടിക നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത എത്ര കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 19.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.